(ബി) കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ പട്ടയം നൽകി വരുന്നുണ്ട്. ഇപ്പോൾ സംയുക്ത പരിശോധന നടന്നു വരുന്നു. ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട് നടപടികൾ സ്വീകരിച്ച് കേന്ദ്ര സർക്കാരിന് അനുമതിക്കായി അയച്ചു കൊടുക്കേണ്ടതുണ്ട്.

കാലാവധി കഴിഞ്ഞ ഗവൺമെന്റ് പ്ലീഡർമാർ

38 [2927] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാലാവധി കഴിഞ്ഞ ഗവൺമെന്റ് പ്ലീഡർമാരുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) കാലാവധി കഴിഞ്ഞ ഗവൺമെന്റ് പ്ലീഡർമാരുടെ നിയമനം നീട്ടി കൊടുക്കുകയോ തുടരാൻ അനുമതി നൽകുകയോ ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗവൺമെന്റ് പ്ലീഡർമാരിൽ മൂന്ന് വർഷത്തെ കാലാവധി കഴിഞ്ഞവർ 37 പേരാണ്. അവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

1.	തിരുവനന്തപുരം	5
2.	കൊല്ലം	4
3.	ആലപ്പുഴ	4
4.	കോട്ടയം	8
5.	ഇടുക്കി	1
6.	തൃശ്ശൂർ	4
7.	പാലക്കാട്	1
8.	മലപ്പുറം	2
9.	കോഴിക്കോട്	2
10.	കണ്ണൂർ	3
11.	കാസർഗോഡ്	3

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാലാവധി കഴിഞ്ഞ മേൽപ്പറഞ്ഞ ഗവൺമെന്റ് പ്ലീഡർമാരിൽ 29 പേർക്ക് കാലാവധി 3 വർഷത്തേക്ക് നീട്ടികൊടുത്തിട്ടുണ്ട്.

(സി) 1978-ലെ കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് ചട്ടങ്ങളിലെ 9-ാം ചട്ടപ്രകാരം ഗവൺമെന്റ് പ്ലീഡർമാരുടെ കാലാവധി 3 വർഷമാണ്. 3 വർഷത്തെ കാലാവധിക്ക് ശേഷം ഗവൺമെന്റിന്റെ വിവേചനാധികാര പ്രകാരം കാലാവധി നീട്ടികൊടുക്കുകയോ പുതുതായി നിയമനം നടത്തുന്നതിനുവേണ്ടി പാനൽ ക്ഷണിക്കുകയോ ചെയ്യാവുന്നതാണ്. അതനുസരിച്ച് കാലാവധി കഴിഞ്ഞവരിൽ 8 പേർക്ക് പകരം നിയമനത്തിന് അതത് ജില്ലാ കളക്ടർമാരിൽനിന്നും യോഗ്യരായ അഭിഭാഷകരുടെ പാനൽ ആവശ്യപ്പെട്ടിട്ടുണ്ട്.

സുപ്രീം കോടതിയിൽ കേരളത്തിന് വേണ്ടി ഹാജരാകുന്ന അഭിഭാഷകർ

39 [2928] ശ്രീ. കോവൂർ കുഞ്ഞുമോൻ : ത അൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നരുക്കുമോ?

(എ) സുപ്രീം കോടതിയിൽ കേരള സർക്കാരിനുവേണ്ടി ഹാജരാകാൻ എത്ര അഭിഭാഷകരെ ചുമതലപ്പെടുത്തിയിട്ടുണ്ട്;

(ബി) അവർ ആരൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവർക്ക് നൽകുന്ന മാസശമ്പളം/അലവൻസ് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിനായി യു.ഡി.എഫ്. സർക്കാർ ഇതുവരെ എന്ത് തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സുപ്രീം കോടതിയിൽ കേരള സർക്കാരിനുവേണ്ടി ഹാജരാകാൻ 3 അഭിഭാഷകരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവരെ കൂടാതെ ഒരു ആർഗ്യൂയിംഗ് കൗൺസെലിനേയും വളരെ പ്രാധാന്യമുള്ള കേസുകളിൽ ഗവൺമെന്റ് അംഗീകരിച്ച പാനലിലുള്ള 16 സീനിയർ അഭിഭാഷകരെയും കേരള സർക്കാരിനുവേണ്ടി ഹാജരാകാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly